നംപർ വൈ(1)/29003/2010/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തിയതി 12.7.2010

സർക്കുലർ

വിഷയം:പൊതുവിദ്യാഭ്യാസം-സംസ്ഥാന സ്കൂൾ ശാസ്ത്ര, ഗണിത ശാസ്ത്ര,സാമൂഹ്യശാസ്ത്ര ക്ളബുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ്(കൈ) ന്.216/2009/പൊ.വി.(എൻ) വകുപ്പ്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കഴിഞ്ഞ വർഷം വരെയും വിദ്യാഭ്യാസ ജില്ലാ തലത്തിലാണ് ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്ളബുകൾ രൂപീകരിച്ച് പ്രവൃത്തിച്ചിരുന്നത്. മേളകൾ, സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ മാനുവൽ പരിഷ്കരിച്ചതോടു കൂടി വിദ്യാഭ്യാസ ജില്ലാ തലം എന്നതുമാറി ഉപജില്ലാ തലം, റവന്യൂ ജില്ലാ തലം എന്ന രീതിയിലാക്കുകയും, സ്കൂൾതല മേളയോടൊപ്പം ഹയർസെക്കൻഡറി തലവും കൂടി ഉൾക്കൊളളിച്ചുകൊണ്ട് സംസ്ഥാന സ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര മേള എന്ന് പുനർനാമകരണം ചെയ്ത മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ആയത് അനുസരിച്ച് ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്ളബുകൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പ് വർഷം മുതൽ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

സ്കൂൾ തല ശാസ്ത്ര,ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്ളബുകൾ കഴിഞ്ഞ വർഷതതെ പോലെ തന്നെ തുടർന്നും പ്രവൃത്തിച്ചു വരേണ്ടതാണ്.

ഉപജില്ലാതലം

എല്ലാ ഉപജില്ലാ തലത്തിലും ശാസ്ത്ര,ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര(SDSCA, SDMCA, SDSSCA) ക്ളബുകൾ രൂപീകരിക്കേണ്ടതാണ്. ഇതിൻെറ ചുമതല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിക്ഷിപ്തമാണ്.

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അംഗങ്ങൾ എന്നിവർ അടങ്ങിയ ഒരു പ്രവർത്തകസമിതി മാനുവൽ പ്രകാരം രൂപീകരിച്ച് ഉപജില്ലയിലെ പ്രവൃത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. സമിതിയുടെ കാലാവധി 2 വർഷമാണ്.

മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പരിപാടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദെശങ്ങൾക്ക് വിധേയമായി സംഘടിപപിക്കേണ്ടത് പ്രസ്തുത സമിതിയാണ്. ആവശ്യമായ സന്ദർഭങ്ങളിൽ ജനറൽ ബോഡി കൂടി പ്രവൃത്തനങ്ങൾ വിലയിരുത്തേണ്ടത് ടി സമിതിയുടെ ചുമതലയാണ്.

ഓരോ ക്ളബുകൾക്കും പ്രത്യേകം പ്രത്യേകമായി തന്നെ താഴെ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ സബ്ജില്ലാ തല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര അസോസിയേഷൻ/കൗൺസിൽ അഫിലിയേഷൻ ഫീസായി തുക പിരിച്ചെടുക്കേണ്ടതാണ്.

| | |
|---|---|
| യു.പി. | 75 രൂപ |
| എച്ച്.എസ്/യു.പി. ഉൾപ്പെടെ എച്ച്.എസ് | 200 രൂപ |

എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ്   300 രൂപ

മേൽ പരാമർശിച്ച രീതിയിൽ പിരിച്ചെടുക്കുന്ന തുക (ഫണ്ട്)കൈകാര്യം ചെയ്യേണ്ടത് സെക്രട്ടറിയാണ്. സബ്ജില്ലയിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ടി ഫണ്ടിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ലഭിക്കുന്ന തുക കൂടി ചേർത്ത് വേണം പണം ചെലവഴിക്കേണ്ടത്.

ഓരോ ഉപജില്ലയിലെയും അസോസിയെഷൻ/കൗൺസിലുകൾ അഫിലിയേഷൻ ഫീസായി പിരിച്ചെടുക്കുന്ന തുകയുടെ 25% റവന്യൂ ജില്ലയ്ക്ക് പ്രത്യേകം പ്രത്യേകമായി (വിഷയാടിസ്ഥാനത്തിൽ) തന്നെ നൽകേണ്ടതാണ്.

വാർഷിക വരവ് ചിലവ്, കണക്ക് റിപ്പോർട്ട്, ബഡ്ജറ്റ്, വാരഷിക പ്രവർത്തന രൂപ രേഖ എന്നിവ സെക്രട്ടറി തയ്യാറാക്കി ജനറൽ ബോഡിയുടെ അംഗീകാരം നേടേണ്ടതാണ്.

മുകളിൽ പരാമർശിച്ച പ്രവർത്തകസമിതി 15.7.10ന് മുൻപായി രൂപീകരിക്കേണ്ടതും ആയത് അതാത് ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അതോടൊപ്പം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും, പൂർണ്ണമായ മേൽവിലാസവും ഫോൺ നംപർ എന്നിവയും നൽകേണ്ടതാണ്.

റവന്യൂ ജില്ലാ തലം

എല്ലാ റവന്യൂ ജില്ലയിലും ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര (SDSCA, SDMCA, SDSSCA) ക്ളബുകൾ രൂപീകരിക്കേണ്ടതാണ്. ഇതിൻെറ ചുമതല വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിക്ഷിപ്തമാണ്.

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അംഗങ്ങളായി ഉപജില്ലാ സെക്രട്ടറിമാർ അടങ്ങിയ ഒരു പ്രവർത്തകസമിതി മാനുവൽ പ്രകാരം രൂപീകരിക്കേണ്ടതാണ്. പ്രവർത്തനസമിതിയുടെ കാലാവധി 2 വർഷമാണ്. റവന്യൂ ജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് ഈ സമിതിയുടെ ചുമതലയാണ്.

മാനുവലിൽ നിർദ്ദെശിച്ചിട്ടുള്ള ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പരിപാടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സംഘടിപ്പിക്കേണ്ടത് ഈ സമിതിയുടെ ചുമതലയാണ്. ആവശ്യമായ സന്ദർഭങ്ങളിൽ ജനറൽ ബോഡി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത് ഈ സമിതിയാണ്.

റവന്യൂ ജില്ലയിലേക്കുള്ള സബ് ജില്ലകളുടെ അഫിലിയേഷൻ ഫീസ് ഉപജില്ലകളിൽ അഫിലിയേഷൻ ഫീ ആയി ആകെ ലഭിച്ച തുകയുടെ 25% പ്രത്യേകം പ്രത്യേകമായി തന്നെ പിരിച്ചെടുക്കേണ്ടതാണ്. പിരിച്ചെടുത്ത തുക(ഫണ്ട്) കൈകാര്യം ചെയ്യേണ്ടത് റവന്യൂ ജില്ലാ സെക്രട്ടറിയാണ്. റവന്യൂ ജില്ലയിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ടി ഫണ്ടിൽ നിന്നും, പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ലഭിക്കുന്ന തുക കൂടി ചേർത്ത് വേണം പണം ചിലവഴിക്കേണ്ടത്.

വാർഷിക വരവ് ചിലവ് കണക്ക് റിപ്പോർട്ട്, ബഡ്ജറ്റ്, വാരഷിക പ്രവർത്തന രൂപ രേഖ എന്നിവ സെക്രട്ടറി തയ്യാറാക്കി ജനറൽ ബോഡിയുടെ അംഗീകാരം നേടേണ്ടതാണ്.

മുകളിൽ പരാമർശിച്ച പ്രവർത്തകസമിതി 25.7.10ന് മുൻപായി രൂപീകരിക്കേണ്ടതും ആയത് അതാത് വിദ്യാഭ്യാസ ഡയറക്ടറാഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര) അഥവാ തൽസ്ഥാനം വഹിക്കുന്ന ആഫീസറെ രേഖാമൂലം അറിയിക്കെണ്ടതാണ്. അതോടൊപ്പം പ്രസിഡന്റ് സെക്രട്ടറി എന്നിവരുടെ പേരും, പൂർണ്ണമായ മേൽവിലാസം ഫോൺ നംപർ(റവന്യൂ ജില്ല, സെക്രട്ടറിയ്ക്ക് ഇ-മെയിൽ ഐ.ഡി. ഉള്ള പക്ഷം) ആയത് കൂടി അറിയിക്കേണ്ടതാണ്.

റവന്യൂ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറിമാർ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ക്ളബുകൾ പ്രവർത്തിപ്പിക്കേണ്ടതും, വിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര സെക്രട്ടറിമാർ എന്നിവരെ യഥാസമയം അറിയിക്കേണ്ടതാണ്. അത് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉപജില്ലകളിൽ സെക്രട്ടറിമാർ നടത്തുന്നുണ്ടൊയെന്ന് വിലയിരുത്തേണ്ടതും, ഉപജില്ലാ സെക്രട്ടറിമാർ സഹായം ആവശ്യപ്പെടുന്ന പക്ഷം സെക്രട്ടറിമാരെ സഹായിക്കേണ്ടതുമാണ്.

സംസ്ഥാന തലം

വിവിധ വിഷയങ്ങളിലെ സംസ്ഥാനതല സെക്രട്ടറിമാരെ (KSSCA, KSSMA, KSSSCA) റവന്യൂ ജില്ലാ സെക്രട്ടറിമാരിൽ നിന്നും തിരഞ്ഞെടുക്കുന്നതാണ്. അതോടൊപ്പം ഒരു വാർഷിക പ്രവർത്തന കലണ്ടറിൻെറ ഒരു രൂപരേഖ തയ്യാറാക്കി വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇതിലേക്കായി സെക്രട്ടറിമാർക്ക് േ എകദിന ഓറിയൻേറഷൻ മീറ്റിങ്ങ് ഈ മാസം അവസാന വാരം സംഘടിപ്പിക്കുന്നതാണ്. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

Sd/-
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പുറത്തെഴുത്ത് നം.ബി2/17323/10

പകർപ്പ് എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരക്കും അയക്കുന്നു. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും സർക്കുലറിലെ നിർദ്ദേശപ്രകാരം ഉപജില്ലാ തല ശാസ്ത്ര/ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ക്ളബുകൾ ഇനിയും രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് രൂപീകരിക്കേണ്ടതും ഭാരവാഹബികളുടെ ലിസ്റ്റ് അടിയന്തിരമായി ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്. 25.7.2010ന് മുൻപായി ജില്ലാ തല ക്ളബുകൾ രൂപീകരിക്കെണ്ടതിനാൽ ഈ കാര്യതതിൽ പ്രത്യേകം ശ്രദ്ധിക്കെണ്ടതാണ്.

Sd/-
വിദ്യാഭ്യാസ ഉപഡയറക്ടർ,
പാലക്കാട്